LIBRARY ARCHIVES Kerala Legislative Assembly

പുതിയ മീറ്ററുകൾ വാങ്ങുന്ന നടപടി

70 [886] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം മീറ്റർ കമ്പനിയിലെ മീറ്ററുകൾക്ക് പകരം കെ. എസ്. ഇ. ബി. മറ്റ് കമ്പനികളിൽ നിന്നും ഇലക്ട്രോണിക് മീറ്റർ വാങ്ങുന്നതിന്റെ കാരണം വെളിപ്പെടുത്താമോ?

ഉത്തരം

കെ. എസ്. ഇ. ബി.-യ്ക്ക് ആവശ്യമായ മീറ്ററുകൾ മൽസര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചാണ് വാങ്ങുന്നത്. ദർഘാസിൽ മുൻകൂർ യോഗ്യതാ നിർണ്ണയം നടത്തപ്പെട്ട കമ്പനികളാണ് പങ്കെടുക്കുന്നത്. അവരിൽ ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തുന്ന കമ്പനികളിൽ നിന്നുമാണ് മീറ്റർ വാങ്ങുന്നത്. ബോർഡിന്റെ നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് ദർഘാസ് ക്ഷണിക്കാതെ ബോർഡിനാവശ്യമായ മീറ്ററുകൾ കൊല്ലം മീറ്റർ കമ്പനിയിൽ നിന്നും വാങ്ങാൻ സാധിക്കുകയില്ല. നിലവിൽ ആവശ്യത്തിനുള്ള മീറ്ററുകളിൽ മറ്റു കമ്പനികളേക്കാൾ കൂടുതൽ മീറ്ററുകൾ കൊല്ലം മീറ്റർ കമ്പനിയിൽ നിന്നാണ് വാങ്ങുന്നത്.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലെ ടെൻഡേർഡ് വോട്ടുകൾ

71 [888] ശ്രീ. ലൂഡി ലൂയിസ്:

„ വർക്കല കഹാർ:

ശ്രീമതി രാധാരാഘവൻ:

ശ്രീ. ടി. എൻ. പ്രതാപൻ:

„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എത്ര ടെൻഡേർഡ് വോട്ടുകൾ ചെയ്യപ്പെട്ടു;

(ബി) വോട്ടേഴ്സ് ഐഡന്റിറ്റി കാർഡുമായി വന്നവരെയാണോ ടെൻഡേർഡ് വോട്ടു ചെയ്യുവാൻ അനുവദിച്ചത്;

(സി) വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ് നൽകിയിരിക്കെ ആദ്യം ആൾമാറാട്ടം നടത്തി വന്നയാളിനെ വോട്ടു ചെയ്യുവാൻ അനുവദിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ആൾമാറാട്ടം നടത്തി വോട്ടു ചെയ്തവരെ കണ്ടുപിടിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കേരളത്തിലെ 20 ലോക്സഭ മണ്ഡലങ്ങളിൽ മൊത്തം 2219 ടെൻഡേർഡ് വോട്ടുകൾ ചെയ്യപ്പെട്ടു.

(ബി) തിരിച്ചറിയൽ കാർഡോ ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള മറ്റു രേഖകളോ ഹാജരാക്കിയവരെ വോട്ടു ചെയ്യുവാൻ അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

2002-2003-ൽ വാങ്ങിയ വൈദ്യുതിയുടെ വില

72 [889] ശ്രീ. വി. ജെ. പൗലോസ്:

" പ്രയാർ ഗോപാലകൃഷ്ണൻ:

" തിരുവഞ്ചൂർ രാധാകൃഷ്ണൻ:

" കെ. അച്ചുതൻ:

" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003 വർഷത്തിൽ സംസ്ഥാന വൈദ്യുതിബോർഡ് എത്ര യൂണിറ്റ് വൈദ്യുതി വിലയ്ക്കു വാങ്ങി;

(ബി) ആരിൽ നിന്നെല്ലാമാണ് വൈദ്യുതി വിലയ്ക്ക് വാങ്ങിയത്;

(സി) ഇക്കാലത്ത് വാങ്ങിയ വൈദ്യുതിക്ക് യൂണിറ്റ് ഒന്നിന് എന്തു വില നൽകുകയുണ്ടായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബോർഡിന്റെ താൽക്കാലിക വാർഷിക കണക്ക് പ്രകാരം 2002-2003 വർഷത്തിൽ സംസ്ഥാന വൈദ്യുതി ബോർഡ് 733.80 ദശലക്ഷം യൂണിറ്റ് വൈദ്യുതി വിലയ്ക്കു വാങ്ങുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly